"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. മായാദേവി എം. ജെ, ഓഫീസ് അറ്റൻഡന്റിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.398/2024/WCDD തീയതി,തിരുവനന്തപുരം, 10-10-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം. 420/2022/വശിവിവ, തീയതി. 15/09/2022
2. സ. ഉ(സാധാ) നം.486/2023/വശിവിവ, തീയതി. 26/08/2023
3. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ 13/08/2024-ലെ കത്ത് നം. എ3/1821/2022/കേവക

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് ഓഫീസിൽ ചെയിൻമാൻ തസ്തികയിൽ ജോലി ചെയ്തു വരവെ ശ്രീമതി. മായാദേവി എം. ജെയെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2 ) പ്രകാരം ഒരു വർഷത്തേക്കു ദീർഘിപ്പിച്ചു നൽകിയിരുന്നു. കമ്മീഷനിലെ തന്റെ അന്യത്രസേവന കാലാവധി 19/09/2024-ന് അവസാനിക്കുന്നതിനാൽ ആയത് ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ ശ്രീമതി. മായാദേവി എം. ജെ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട്, അദ്ദേഹത്തിന്റെ മാതൃവകുപ്പിൽ നിന്നുമുള്ള നിരാക്ഷേപപത്രം സഹിതം, 20/09/2024 മുതൽ ഒരു വർഷത്തേക്ക് പ്രസ്തുത അന്യത്രേസവന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവിനായി കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (3) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച്, അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി. മായാദേവി എം. ജെയുടെ അന്യത്രസേവന കാലാവധി 20/09/2024

മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട് (25/07/2024-ലെ കത്ത് നം. DCKKD/177/2023-A4 പ്രകാരം)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി. മായാദേവി എം. ജെ, ഓഫീസ് അറ്റൻഡന്റ് (ഡെപ്യൂട്ടേഷൻ), കേരള വനിതാ കമ്മീഷൻ

(മെമ്പർ സെക്രട്ടറി മുഖേന)

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 14-10-2024 11:06:44

സെക്ഷൻ ഓഫീസർ